**സാഹോദര്യം സമത്വത്തിലധിഷ്ഠിതമാണ്. ഇവ പ്രാവർത്തികമാക്കപ്പെടുന്നതിന് സ്രഷ്ടാവിനെക്കുറിച്ചും സൃഷ്ടിയെക്കുറിച്ചുമുള്ള അറിവ് അത്യന്താപേക്ഷിതമാണ്. അതിനാൽ ധർമനിഷ്ഠം പാലിക്കാൻ ഖുർആൻ അനുശാസിക്കുന്നു**

# ഏകദൈവവിശ്വാസവും സാഹോദര്യവും

**അഡ്വ. പ്രേംദാസ് സ്വാമിദാസ് യഹൂദി**

മാനവസമൂഹത്തിലെ ഉച്ചനീചത്വങ്ങൾ ദൂരീകരിക്കുന്നതിനും സാഹോദര്യം പ്രാവർത്തികമാക്കുന്നതിനും വേണ്ടി നിലകൊള്ളുന്നവയാണ് ഷേമി (സെമിറ്റിക്) മതങ്ങളായ യാഹദുത്-ഷൊംറോനുത്, ഇസ്‌ലാം എന്നിവ. ഇവയെ മതങ്ങൾ എന്നതിനുപരി സന്തുഷ്ടജീവിതത്തിനനുയോജ്യമായ ജീവിതരീതികൾ എന്ന് വിശേഷിപ്പിക്കുന്നതായിരിക്കും ഉത്തമം. ഇവ്റീത് വിശുദ്ധഗ്രന്ഥമായ തോറാ (തൗറാത്ത്) മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചു കൊണ്ടവതരിച്ച വിശുദ്ധഖുർആൻ സ്നേഹത്തിന്റെയും പരസ്പര ധാരണയുടെയും സമാധാനത്തിന്റെയും സന്ദേശം നൽകുന്നു.

അറബിഭാഷയെയും ഇസ്‌ലാമികചരിത്രത്തെയും കുറിച്ച് മതിയായ അറിവില്ലാത്തതുകൊണ്ടും വർത്തമാനകാലസംഭവങ്ങളെ മാത്രം ആധാരമാക്കി ഇസ്‌ലാമികസംസ്കാരത്തെയും മുസ്‌ലിംസമൂഹത്തെയും സംശയദൃഷ്ടിയോടെ വിലയിരുത്താൻ ശ്രമിക്കുന്നതുകൊണ്ടും ഖുർആൻ എന്ന വിശുദ്ധഗ്രന്ഥത്തെക്കുറിച്ച് തെറ്റുധാരണകൾ നിലനിൽക്കുന്നു. ഇവയെ ദൂരീകരിക്കേണ്ടതും ശരിയായ വിവരങ്ങൾ ലഭ്യമാക്കി യാഥാർഥ്യം ബോധ്യപ്പെടുത്തേണ്ടതും ബൗദ്ധിക ആത്മാർഥതയ്ക്ക് വിലകൽപിക്കുന്ന പണ്ഡിതന്മാരുടെ കടമ തന്നെയാണ്.

## ഷേമി ചരിത്രം

പശ്ചിമേഷ്യയിലെ പ്രബല ജനവിഭാഗങ്ങളാണ് ഇവ്റീം, യിസ്റാഏലീം, യഹൂദീം- ഷൊംറോനീം എന്നീ പേരുകളിലറിയപ്പെടുന്ന യിസ്റാഏൽ മതസ്ഥരും യിഷ്മാഏലീം എന്നും അറിയപ്പെടുന്ന ഇസ്‌ലാം മതസ്ഥരായ അറബികളും. അബ്റഹാം ബെൻ തേറഹ് എന്ന് ഇവ്റീത് ഭാഷയിലും ഇബ്റാഹീംനബി എന്ന് അറബിയിലും അറിയപ്പെടുന്ന നീതിമാനായ ഏകദൈവവിശ്വാസിയാണ് ഇരുജനതകളുടെയും പൂർവികൻ. വിശുദ്ധഖുർആനിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "കിതാബിൽ ഇബ്റാഹീമിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞു കൊടുക്കുക. തീർച്ചയായും അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു" (19: 41).

ആധുനിക ഇറാഖിലൂടെ ഒഴുകി പേർഷ്യൻ ഉൾക്കടലിൽ പതിക്കുന്ന ഫ്രാത് നദീതീരത്ത് നാൽപതു നൂറ്റാണ്ടുകൾക്കു മുമ്പ് നിലനിന്നിരുന്ന ഉർകസ്ദീം നഗരിയിലാണ് ഇബ്റാഹീം നബി പാർത്തിരുന്നത്. സ്രഷ്ടാവിന്റെ കൽപന ലഭിച്ചതിനെത്തുടർന്ന് വിഗ്രഹാരാധകരുടെ നഗരമായ ഉർകസ്ദീം വിട്ട് ഇബ്റാഹീം-അബ്റഹാം ബെൻതേറഹ് പടിഞ്ഞാറോട്ട് പ്രയാണം ചെയ്തു. പശ്ചിമേഷ്യയിലെത്തിയ അദ്ദേഹവും കുടുംബാംഗങ്ങളും മധ്യധരണ്യാഴിതീരത്ത് കിടക്കുന്ന 'പാലും തേനും ഒഴുകുന്ന' നാട്ടിൽ കൂടാരമടിച്ചു പാർത്തു. കനാൻ എന്നായിരുന്നു അന്നാടിന്റെ അക്കാലത്തെ പേര്. ഇബ്റാഹീം നബിയുടെ രണ്ടാമത്തെ ഭാര്യയായ ഹാജിറ (ഹാഗാർ എന്ന് ഇവ്റീതിൽ) എന്ന ഈജിപ്ഷ്യൻ രാജകന്യക ആദ്യമായി ഒരു പുത്രന് ജന്മംനൽകി. 'ദൈവം അപേക്ഷ കേട്ടു' എന്നർഥമുള്ള ഇസ്മാഈൽ അഥവാ യിഷ്മാഏൽ എന്ന പേരാണ് ആ ആൺ കുഞ്ഞിന് നൽകപ്പെട്ടത്. ഇസ്മാഈൽ നബിയുടെ പിന്മുറക്കാരാണ് യിഷ്മാഏലീം അഥവാ അറബികൾ. തുടർന്ന് അബ്റഹാം ബെൻ തേറഹിന്റെ ആദ്യഭാര്യയായ സാറാ ഒരാൺകുഞ്ഞിന് ജന്മം നൽകി. ഇവ്റീത് ഭാഷയിൽ 'അവൻ ചിരിച്ചു' എന്നർഥമുള്ള യിറ്റ്സ്ഹാക്ക് എന്ന പേര് ആ കുഞ്ഞിന് നൽകപ്പെട്ടു. അബ്റഹാമിന്റെ പുത്രനായ യിറ്റ്സ്ഹാക്ക് അഥവാ ഇസ്ഹാഖിന്റെ പിൻഗാമികളാണ് യിസ്റാഏലീം. സഹോദര ജനതകളാണ് ഷേമിവംശജരായ യിസ്റാഏലീമും അറബികളും. ഇബ്റാഹീം നബിയുടെ പൂർവികനാണ് നോആഹ് അഥവാ നൂഹ് നബിയുടെ പുത്രനായ ഷേം. അതിനാലാണ് അറബികളും യിസ്റാഏലീമും ഷേമി വംശജർ അഥവാ സെമിറ്റിക്ജനതകൾ എന്നറിയപ്പെടുന്നത്:

"അങ്ങനെ അവരെയും അല്ലാഹുവിനു പുറമെ അവർ ആരാധിക്കുന്നവയെയും വെടിഞ്ഞ് അദ്ദേഹം (ഇബ്റാഹീം) പോയപ്പോൾ അദ്ദേഹത്തിന് നാം ഇസ്ഹാഖിനെയും (മകൻ) യഅ്ഖൂബിനെയും (പൗത്രൻ) നൽകി. അവരെയൊക്കെ നാം പ്രവാചകന്മാരാക്കുകയും ചെയ്തു" (വിശുദ്ധഖുർആൻ 19: 49), "കിതാബിൽ ഇസ്മാഈലിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം വാഗ്ദാനം പാലിക്കുന്നവനായിരുന്നു. അദ്ദേഹം ദൂതനും പ്രവാചകനുമായിരുന്നു" (19:54).

## അൽഅഹദ്

ഇവ്റീത് വിശുദ്ധഗ്രന്ഥമായ തോറാ (തൗറാത്ത്) ഊന്നിപ്പറയുന്ന *ഹാദ് ഏലോഹുത്* അഥവാ ഏകദൈവത്വം എന്ന ആശയം തന്നെയാണ് വിശുദ്ധ ഖുർആന്റെയും ഉള്ളടക്കം. വിശുദ്ധ തോറാ ഉദ്ഘോഷിക്കുന്ന *യോദ്ഹേ വാവ്ഹേ ഏഹാദ്* (ശാശ്വതൻ ഏകനാകുന്നു) എന്ന പ്രബോധനം *അൽവാഹിദ്* എന്ന ഖുർആനികവെളിപാടിൽ കാണുന്നു. ബഹുദൈവത്വത്തിന്റെയും ത്രിത്വത്തിന്റെയും നിരാകരണമാണ് ഈ പഠിപ്പിക്കൽ.

'സകല ശക്തികളുടെയും ഉറവിടം' എന്ന ആശയമാണ് *ഏലോഹീം* എന്ന ഇവ്റീത് പദത്തിലുള്ളത്. വിശുദ്ധ തോറാ പ്രപഞ്ചസ്രഷ്ടാവിനെ *യോദ്ഹേ വാവ് ഹേ ഏലോഹീം* (ശാശ്വത ശക്തി) എന്ന് വിശദീകരിച്ച് വെളിപ്പെടുത്തുന്നു. ഖുർആൻ നൽകുന്ന സന്ദേശവും ഇതുതന്നെ: "തീർച്ച

യായും അല്ലാഹു ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യകാര്യം അറിയുന്നു. നിങ്ങൾ പ്രവർത്തിക്കുന്നത് കണ്ടറിയുന്നവനുമാകുന്നു അല്ലാഹു" (49: 18).

ഏകദൈവവിശ്വാസികൾ എന്ന നിലയിൽ മുസ്ലിംകളും യിസ്റാഏലീമും ഒരേ വിശ്വാസത്തിൽതന്നെയാണ് ഉറച്ചുനിൽക്കുന്നത്: "ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക" (വിശുദ്ധഖുർആൻ: 47: 19). "*ആനോഹി യോദ്ഹേ വാവ് ഹേ ഏലോ ഹേയ്ഖാ.... ലോ യിഹ്യേ ലെഖാ ഏലോഹീം അഹേറീം*" (ശാശ്വതനായ ഞാൻ നിന്റെ ദൈവമാകുന്നു..... മറ്റൊന്നും നിനക്ക് ദൈവമായി ഉണ്ടാകരുത് - (തോറാ, ഷ്മോത് 20: 2-3).

"അപ്പോൾ ആകാശങ്ങളുടെ രക്ഷിതാവും ഭൂമിയുടെ രക്ഷിതാവും ലോകരുടെ രക്ഷിതാവുമായ അല്ലാഹുവിനാണ് സ്തുതി. ആകാശങ്ങളിലും ഭൂമിയിലും അവനുതന്നെയാകുന്നു മഹത്വം. അവൻ തന്നെയാകുന്നു പ്രതാപിയും യുക്തിമാനും" (വിശുദ്ധഖുർആൻ: 45: 36-37). ഏകദൈവവിശ്വാസത്തിൽ അന്ധവിശ്വാസങ്ങളിൽനിന്നുള്ള മോചനവും ദുരാചാരങ്ങളിൽനിന്നുള്ള വീണ്ടെടുപ്പും ബുദ്ധിയുടെ ചൈതന്യവും ആധ്യാത്മികതയുടെ നിറവും കാണുന്നു.

## സാഹോദര്യം

"അഹാവ്താ ലെറെഅഖാ കാമോഖാ" (നിന്റെ സഹമനുഷ്യനെ നിന്നെപ്പോലെ സ്നേഹിക്കുക- തോറാ, വായ്യിക്ക്റ 19:18). വിശ്വസാഹോദര്യത്തിന്റെ സന്ദേശമാണ് ഈ ഇവ്റീത്‌വാക്കുകൾ നൽകുന്നത്. ഇതിനോട് ചേർത്തുവായിക്കേണ്ടതാണ് ഖുർആനിലെ *അൽ ഹുജുറാത്ത്* അധ്യായത്തിലെ 11-ാം സൂക്തം: "സത്യവിശ്വാസികളേ, ഒരു ജനവിഭാഗവും മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരേക്കാൾ നല്ലവരായിരുന്നേക്കാം".

സാഹോദര്യം സമത്വത്തിലധിഷ്ഠിതമാണ്. ഇവ പ്രാവർത്തികമാക്കപ്പെടുന്നതിന് സ്രഷ്ടാവിനെക്കുറിച്ചും സൃഷ്ടിയെക്കുറിച്ചുമുള്ള അറിവ് അത്യന്താപേക്ഷിതമാണ്. അതിനാൽ ധർമനിഷ്ഠ പാലിക്കാൻ ഖുർആൻ അനുശാസിക്കുന്നു: "മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു" (49: 13).

യാഹദൂത്- ഷൊംറോനുത് പാരമ്പര്യത്തിലുറച്ചുനിന്ന് വിശുദ്ധ തോറായിലധിഷ്ഠിതമായ യിസ്റാഏൽ മതത്തിലടിയുറച്ച് വിശ്വസിക്കുന്ന ഈ ലേഖകൻ സഹവിശ്വാസികളായ യിസ്റാഏലീമിനെയും മുസ്ലിംകളെയും അബ്റഹാമികപൈതൃകത്തിനുടമകളായി കാണുന്നു. വിശുദ്ധഖുർആൻ പ്രബോധനങ്ങളോട് ആദരവ് പുലർത്തുന്നതിന്റെ കാരണവും ഇതുതന്നെ. അബ്റഹാമിന്റെ മതാനുയായികളായ പിൻഗാമികൾ എന്ന അർഥത്തിൽ 'ഇവ്റീം' എന്നറിയപ്പെടേണ്ട ഒരൊറ്റ ജനതയാണ് യിസ്റാഏലീമും മുസ്ലിംകളും. യഥാർഥത്തിൽ യിസ്റാഏലീ-ഇസ്ലാമികസാംസ്കാരികവൈവിധ്യം പരസ്പരപൂരകമാണ്.

*(ബോംബെ സയണിസ്റ്റ് അസോസിയേഷൻ (മുംബൈ), ഇന്റർനാഷ്നൽ കിംഗ് ഡേവിഡ് സൊസൈറ്റി (യു.എസ്.എ) അംഗമാണ് യഹൂദമതസ്ഥനും തിരുവനന്തപുരം ജില്ലയിലെ പാങ്ങപ്പാറ സ്വദേശിയുമായ ലേഖകൻ.)*